

# MAGAZINE..........

# GHS POOYAPPALLY





# LITTLE KITES MAGAZINE
## 2018-19





# എഡിറ്റോറിയൽ സമതി

പ്രഥമ അദ്ധ്യാപകൻ ഹർഷകുമാർ സി എസ് ,സ്കൂൾ ഐ.ടി. കോ -ഓർഡിനേറ്ററായ ഷിബു ഡി.കെ, സ്റ്റാഫ്എഡിറ്റർമാരായ ജോൺ മാത്യു, അനിത എൻ ,സ്റ്റുഡന്റ് എഡിറ്റർ അഭിജിത് ആർ,അധ്യാപകരായ സുജാത ,സിന്ധു ,ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ എല്ലാ അംഗങ്ങളും ചേരുന്നതാണ് നാദം എന്ന ഇ -മാഗസിന്റെ എഡിറ്റോറിയൽ സമിതി



**STUDENT EDITORS**

# എഡിറ്റോറിയൽ

വിജ്ഞാന മേഖല ഇന്ന് വളർച്ചയുടെയും മാറ്റത്തിന്റെയും ഏണിപ്പടികൾ കയറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ചിന്തയുടെയും പഠനത്തിന്റെയും ബോധനത്തിന്റെയും മാധ്യമമായി മാറുകയാണ് വിവരസാങ്കേതികവിദ്യ. അനന്തസാധ്യതകളുള്ള ഐടി മേഖലയിൽ മികച്ചവരായിത്തീരുവാനും ഭാവിയിലേക്ക് ഒരു വഴികാട്ടിയായി മാറുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള **നാദം** എന്ന ഈ മാഗസിൻ കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗവാസനകൾക്കു ഒരിടം കരുതിയിരിക്കുകയാണ്.

എല്ലാകുരുന്നുകൾക്കും പഠനത്തോടൊപ്പം സർഗ്ഗശേഷിയും ചിന്താശേഷിയും വർധിപ്പിക്കുവാൻ ഈ മാഗസിന് കഴിയും എന്ന പ്രതീക്ഷയോടെ ഈ മാഗസിന്റെ പൂർണതക്കായി പ്രയത്നിച്ച എല്ലാ സുമനസ്സുകളെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് സവിനയം സമർപ്പിക്കുന്നു

എഡിറ്റർ



## ആശംസകൾ

ലിറ്റിൽ കൈറ്റ്സ്-ന്റെ ആദ്യ സംരംഭമായ നാദം എന്ന മാഗസിൻ പേരിൽ തന്നെ പുതുമ നിലനിർത്തുന്നതാണ്. ഈ മാഗസിനിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഭാവനയും കഴിവും ആത്മാർപ്പണവും നിറഞ്ഞുനിൽക്കുന്നു. ഇത്തരം ഒരു മാഗസീൻ തയ്യാറാക്കുവാൻ പരിശ്രമിച്ച എല്ലാവർക്കും എന്റെ ആശംസകൾ.

സ്നേഹപൂർവ്വം ,

സി.എസ്.ഹർഷകുമാർ

H M



ആശംസകൾ

ഗവൺമെന്റ് ഹൈസ്കൂൾ
പൂയപ്പള്ളിയിലെ ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന ആദ്യ
സംരംഭമായ മാഗസിന് എന്റെ എല്ലാ വിധ
ആശംസകളും നേരുന്നു.

പിറ്റിഎ പ്രസിഡന്റ്

എം.ബി പ്രകാശ്



# LITTLE KITES

# GHS POOYAPPALLY

# ...2018-19





മുംതാസ് VIII G


# പ്രളയം

ഭൂമി തൻ ശാപമാം പ്രളയം
മഴ തൻ തുണയാവും ഭൂമി
പ്രളയത്തിൽ നശിക്കുന്ന മനുഷ്യരാശി
പ്രളയമേ ക്ഷമിക്കുക നീ
ഈ രാക്ഷസ രൂപികളെ
ക്ഷമിക്കൂ ...ക്ഷമിക്കൂ ....

അലിയുന്ന സകല സമ്പാദ്യ ജീവനും
അലിയുന്ന പ്രളയത്തിലായി
ഭൂമിയുടെ ശാപത്താൽ മങ്ങുകലുന്ന
എന്റെ കൊച്ചു കേരളം

ചതിയിൽ അകപ്പെട്ടു പുഴകളും
നദികളും കവിഞ്ഞൊഴുകി
സ്വയമേ നശിക്കുന്ന കേരളം

രാക്ഷസ രൂപികൾ കയ്യേറിയ
പ്രകൃതി സമ്പാദ്യം ,ഭൂമി തൻ
തിരികെ കൈവശമാക്കി
പഠിക്കുക മനുഷ്യരെ ഇനിയെങ്കിലും
പ്രകൃതി സ്നേഹിതരാകാൻ





ശ്രദ്ധ വേണുഗോപാൽ IX F

## വായനയുടെ പ്രാധാന്യം

മനുഷ്യജീവിതത്തിൽ വായനയ്ക്ക് ഒഴിച്ചുകൂടാനാവാത്തത്ര പങ്കുണ്ട്.വായന ഒരു മനുഷ്യനെ അറിവിന്റെ ഉന്നതതലങ്ങളിലെത്തിയ്ക്കും. വായിച്ചാലും വളരും വായിച്ചില്ലേലും വളരും. വായിച്ചാല് വിളയും വായിച്ചില്ലേൽ വളയും. കുഞ്ഞുണ്ണി മാഷിന്റെ ഈ മഹത്തായ വാക്കുകൾ എന്നും നാം മനസ്സിൽ കാത്തു സൂക്ഷിക്കണം. വായിച്ചാൽ എന്നും എപ്പോഴും വിജയിയ്ക്കും. എന്നാൽ വായിക്കാത്തവൻ എന്നും എപ്പോഴും പരാജയത്തിന്റെ പടവുകളിൽ കുടുങ്ങും.വായന നമ്മുടെ മനസ്സിൻ ശാന്തത നൽകും. അത് നമ്മെ സന്തോഷിപ്പിയ്ക്കും. വായന നമ്മെ മറ്റൊരു തലത്തിലേയ്ക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. കൃത്യമായി വായിക്കുന്നവന് ഒന്നിനേയും ഭയക്കേണ്ട കാര്യമില്ല.അവനെല്ലാപ്രതിസന്ധികളും ധൈര്യപൂർവ്വം തരണം ചെയ്യും. മഹാന്മാരുടെ ജീവിത ചരിത്രങ്ങളും അവരുടെ അനുഭവങ്ങളും വായിച്ചറിയുന്നതിലൂടെ നമുക്ക് ജീവിയ്ക്കാനുള്ള തന്റേടവും പ്രേരണയും ലഭിക്കും.വായനയെന്നുപറയുന്നത് ജീവിതവിജയത്തിനുള്ളൊരു ഒറ്റമൂലിയാണ്. പി എൻ പണിയ്ക്കരുടെ ചരമദിനം വായനാദിനമായി ആചരിയ്ക്കപ്പെടുന്നു. ഈ അവസരത്തിൽ എല്ലാവരും അദ്ദേഹത്തിനെ നന്ദിപൂർവ്വം സ്മരിയ്ക്കുന്നു. മലയാളഭാഷയ്ക്ക് അദ്ദേഹം നൽകിയിരിയ്ക്കുന്ന സംഭാവനകൾ അനവധിയാണ്. വായിച്ച് വളരുന്നവർ തീർച്ചയായും വിജയത്തിന്റെ കൊടുമുടി കീഴടക്കും. ......

# കൈത്താങ്ങ്





*ശ്രദ്ധ വേണുഗോപാൽ. I X F*

**കണ്ണടച്ചുതുറക്കും മുൻപേ**

**വെള്ളം  കടന്നുവന്നു തുടങ്ങി**

**വെള്ളക്കെട്ടിൻ നടുവിൽ നിന്നു**

**അത്യുച്ചത്തിൽ മുറവിളി കൊണ്ടു**

**വെള്ളം വെള്ളം എല്ലായിടത്തും**

**പ്രളയക്കെടുതിയിൽ മുങ്ങിത്താണു**

**പാവങ്ങളാം കുറെ നല്ല മനുഷ്യർ**

**എത്രയോ ജീവൻ പൊലിഞ്ഞു പോയി ആ മനസ്സിൽ**

**നഷ്ടങ്ങളേറ്റുവാങ്ങി ജീവിച്ചിരുന്നവർ**

**വിശപ്പടക്കാനാകാത്തവർ കൈനീട്ടി നിൽക്കുന്നു.**

**ആ കാഴ്ചയിപ്പോഴും മാറുന്നില്ലെൻ മനസ്സിൽ**

**ഇനിയൊരു ജലപ്രളയം ഉണ്ടാകാതെരിക്കട്ടെ**

**ഓരോ തരിയുമെനിക്കെന്റെ ജീവിതം**


**ഓരോ നറുങ്ങാണെന്നറിയുന്നു ഞാനിന്നു**

**എൻ പ്രിയ കേരളനാടെ നമിയ്ക്കുന്നു നിന്നെ ഞാൻ**

**ഈ ജീവിതത്തിലെപ്പോഴും,**

**കാക്കണേ**

**നമ്മെ വിപത്തിൽ നിന്നും.......**







ദേവു ആർ മനു

VIII E

## കലികാലം

പുഞ്ചിരി ഫോണിനോടായി....
തലോടൽ ഫോണിനെയായി ...
സല്ലാപം ഫോണിനോടായി ...
സൗഹൃദം ഫോണിനോടായി ....
നോട്ടം ഫോണിലേക്ക മാത്രമായി ...
കുട്ടീം കോലുംഫോണിലായി ...
ജന്മമോ ആൻഗ്രി ബേഡായി ...
ഹൃദയ വാതിൽ താഴിട്ടു പൂട്ടി...



*അമൃത*
*IX E*

# മഹത് വചനങ്ങൾ

- "ശത്രുവിനെപ്പോലും സുഹൃത്താക്കി മാറ്റാനുള്ള ശക്തി സ്നേഹത്തിനു മാത്രമേ ഉള്ളൂ"

  മാർട്ടിൻ ലൂഥർ കിങ്

- "വാദിക്കുന്നതു വാദത്തിനു വേണ്ടിയാവരുത് സംശയനിവൃത്തിയ്ക്കും തത്ത്വപ്രകാശത്തിനും വേണ്ടിയാകണം"

  ശ്രീനാരായണ ഗുരു

- "സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യമെങ്കിൽ നിങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തൻ"

  എബ്രഹാം ലിങ്കൺ

- "മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്"

  കാറൽ മാക്സ്

- "നിങ്ങൾക്ക് വേണ്ടാത്തത് ആർക്കെങ്കിലും കൊടുക്കുന്നുവെങ്കിൽ അത് ദാനമേയല്ല"

മദർതെരേസ

- "ധനികൻ ദരിദ്രരുടെ സൂക്ഷിപ്പുകാരനാണ്"

മഹാത്മാ ഗാന്ധി

- "നിയമങ്ങൾ ചിലന്തിവലയാണ് ചെറുപ്രാണികൾ കുടുക്കുകളിൽ പെടുന്നു വലിയവ രക്ഷപ്പെടുന്നു."



സ്വിഫ്റ്റ്

- "പുകഴ്ത്തുന്നവന് സുഹൃത്തുക്കളെ കിട്ടുന്നു സത്യം പറയുന്നവന് എതിരാളികളെയും"

ജി.ഹെർബേർട്ട്

- "നാവുകൊണ്ടുള്ള മുറിവ് വാളുകൊണ്ടുള്ള മുറിവെനെക്കാൾ മാരകമാണ്."

പൈതഗോറസ്





ആരോമൽ എ
iX F

## അമ്മ മനസ്സ്

അമ്മയുടെ നീറിപ്പുകയുന്ന മനസ്സിനെ

മനസ്സിലാക്കാൻ കഴിയാത്ത

മകനായിപ്പോയല്ലോ നീ

അതോർത്തിട്ടാ അമ്മയ്ക്ക്

ദുഃഖം താങ്ങാനാവുന്നില്ല

അതറിഞ്ഞിട്ടും നിനക്ക് സന്തോഷം തന്നെയാണല്ലോ




*മുഹ്സിന ജലാൽ*

IX F

## <u>ഡോ. എ പി ജെ അബ്ദുൽ കലാം.........</u>

## <u>അഗ്നിചിറകുള്ള മനുഷ്യൻ</u>



ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം ..

സ്വപ്നം കാണുക, ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക, ആ ചിന്തകളെ പ്രവർത്തിയിലൂടെ സഫലമാക്കുക...

- വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ് എന്നാൽ ഓരോബ്ലാക്ക്ബോർഡ്കളാണ് വിദ്യാർത്ഥിയുടെ ജീവിതം ശോഭനമാക്കുന്നത്..

- വിജയികളുടെ കഥകൾ വായിക്കരുത് ,അതിൽ നിന്നും നിങ്ങൾക്ക് സന്ദേശം മാത്രമേ ലഭിക്കു .പരാജിതരുടെ കഥകൾ വായിക്കുക അതിലൂടെ നിങ്ങൾക്ക് വിജയിക്കാനുള്ള പ്രചോദനം ലഭിക്കും

- എല്ലാവരും ഒരു പോലെ കഴിവുള്ളവരാകണമെന്നില്ല.എന്നാൽ സ്വന്തം കഴിവുകളെ വികസിപ്പിച്ചെടുക്കാനുള്ള അവസരങ്ങൾ എല്ലാവർക്കും ഒരുപോലെയാണ്*.

- നിങ്ങൾ ചിറകുകളോടെ ജനിച്ചവരാണ് .അതിനാൽ ഇഴയരുത് , ചിറകുകൾ ഉപയോഗിക്കുക ,പറക്കാൻ പഠിക്കുക..

ഡോ. എ പി ജെ അബ്ദുൽ കലാമിന്റെ പ്രചോദനകരങ്ങളായവാക്കുകൾ ഓർമപ്പെടുത്തി കൊണ്ട് അദ്ദേഹത്തെകുറിച്ചുപറയട്ടെ.തമിഴ്നാട്ടിലെ രാമേശ്വരത്താണ് 1931 ഒക്ടോബർ 15 ന് എ പി ജെ അബ്ദുൾകലാം ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസം രാമേശ്വരം എലിമെന്ററി സ്കൂളിലും ശേഷം രാമനാഥപുരം ഷ്വാഗ്സ് ഹൈസ്കൂളിലും ആയിരുന്നു. ഇന്റർ മീഡിയറ്റ് പഠനത്തിനായി തിരുച്ചിറപ്പള്ളിയിലെ സെന്റ് ജോസഫ് കോളേജിൽ ചേർന്നു. ബിരുദപഠനത്തിനായി സെന്റ് ജോസഫ് കോളേജിൽ തന്നെയായിരുന്നുപഠനം. ബി എസ് സി ഊർജതന്ത്രമായിരുന്നു. ടോൾസ്റ്റോയി, ഹാർഡി, സ്കോട്ട് എന്നിവരുടെ സൃഷ്ടികളാണ് കലാമിന് പ്രത്യേക അഭിരുചി തോന്നിയത്.954 ൽ ടിച്ചി സെന്റ് ജോസഫ് കോളേജിൽ നിന്ന് ഊർജതന്ത്രം വിഷയത്തിൽ കലാം ബിരുദം നേടി. പിന്നീട് എം ഐ ടി മദ്രാസ് ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ചേർന്ന് പഠനം തുടങ്ങി

തിരുവനന്തപുരം തുമ്പയിൽ ജോലി ആരംഭിക്കുകയും പിന്നീട് അമേരിക്കയിലെ നാഷണൽ എയറോനോട്ടിക്സ് ആൻഡ് സ്പേസ് അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനശാഖയിൽസേവനമനുഷ്ടിക്കു ന്നു. റോക്കറ്റ് യുദ്ധ സാങ്കേതിക വീരനായി ഒരു ഭാരതീയനെ "നാസ" അംഗീകരിച്ചതിൽ കലാം അഭിമാനം കൊണ്ടു. 1982 ജൂൺ ഒന്നാം തീയതി കലാം ഡി ആർ ഡി ഒ ഡയറക്ടറായി ചുമതലയേറ്റു. പൃഥ്വി, അഗ്നി, ആകാശ്, ത്രിശൂൽനാഗ് എന്നീ മിസൈലുകൾ സാങ്കേതിക വിദ്യയിലെ സ്വയം പര്യാപ്തതയേലേക്കുള്ള രാജപാതയിലേയ്ക്കുള്ള ഇന്ത്യയുടെ പ്രയാണമായി മാറി. 2002 ജൂലൈ 19 ന് K.R നാരായണന്റെ പിൻഗാമിയായി ഇന്ത്യയുടെ പതിനെട്ടാമത്തെ രാഷ്ട്രപതിയായി ഡോ.കലാം ചുമതലയേറ്റു.

ഡിഫൻസ് ആൻഡ് ഡെവലപ്മെന്റ് ഓർഗനേസേഷന്റെ മേധാവി, ഡിപ്പാർട്ട്മെന്റ് ഓഫ് ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ സെക്രട്ടറി, S LV-3 യുടെ പ്രോജക്ട് ഡയറക്ടർ രാജ്യസുരക്ഷാ മന്ത്രിയുടെ ശാസ്ത്രോപദേശകൻ, പ്രധാനമന്ത്രിയുടെ ശാസ്ത്രോപദേശകൻ,തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയുടെ ചാൻസലർ, രാജ്യത്തിലെ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ വിസിറ്റിങ്ങ് പ്രൊഫസർ, രാഷ്ട്രപതി എന്നീ മേഖലകളിൽ സ്തുത്യർഹമായ സേവനമനുഷ്ടിച്ചിട്ടുണ്ട്. ഇന്ത്യാ രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ പത്മവിഭൂഷൻ, ഭാരതരത്നം, എന്നി വ നൽകി കലാമിനെ ആദരിച്ചിട്ടുണ്ട്. രാജ്യത്തെ 30 ഓളം സർവ്വകലാശാലകൾ ഡോ. കലാമിന് ഓണററി ഡോക്ടറേറ്റ് നൽകിയിട്ടുണ്ട്. 2015 ജൂലൈ **27** ന് മേഘാലയയിലെ ഇന്ത്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ വച്ച് കുട്ടികൾക്ക് "വാസയോഗ്യമായ ഗ്രഹങ്ങൾ" എന്ന വിഷയത്തിൽ പ്രഭാഷണം നടത്താനായി എത്തിച്ചേർന്നപ്പോൾ കുഴഞ്ഞ് വീണ് ലോകമാകുന്ന നാടകരംഗത്തോട് വിടവാങ്ങുകയുണ്ടായി. എന്നിരുന്നാലും ജനമനസ്സുകളിലും കുരുന്ന് ഹൃദയങ്ങളിലും മങ്ങാത്ത നിറവെളിച്ചമായി നിൽക്കുന്ന മാർക്കണ്ഡേയനെപ്പോലെ ജ്വലിക്കുകയാണ് അദ്ദേഹം. അടുത്ത ദിവസം ജന്മനാടായ രാമേശ്വരത്ത് പൂർണ്ണ സൈനിക ബഹുമതിയോടെ ഡോ. കലാമിന്റെ ചേതനയറ്റ ശരീരം മറവു ചെയ്തു





സുജാത അനിൽ

# ഭയം

കാട് രജസ്വലകളാകാറുണ്ട് ,

അരുവികൾ,
ഒഴുക്കിവിട്ടുകൊണ്ട് ....

ചെടികൾ ഋതുമതികളാകാറുണ്ട് ,
നിറയെ പൂക്കൾ
വിരിയിച്ചുകൊണ്ട്...

അപ്പോഴൊക്കെ ഭൂമി
അതിസുന്ദരമാവാറുമുണ്ട് .

പിന്നെന്തിനാണ്
പുഷ്പിത എന്ന് വിളിക്കുമ്പോഴും
നിന്റെ പൂക്കളെയും ,അരുവികളെയും
അവരിത്രമേൽ
ഭയക്കുന്നത്?

അവരോട് പറയുക ,
വെന്ത ഭൂമിക്കും ആർത്തവനാളുണ്ടെന്ന്
ലാവയിൽ ഉരുകിയൊലിക്കാത്ത
വിശ്വാസങ്ങളില്ലെന്ന്...



അഭിജിത്ത് ആർ


IX.B





നിർമ്മൽ ആർ

X C








*ആശ തമ്പിIX F*

## ഓർമ്മകൾ

ഒരു പിടി വേദനയും

ഒത്തിരി ആനന്ദവും

സമ്മാനിച്ച് ഒരാണ്ടങ്ങനെ നടന്നകന്നു

ആയുസ്സിൻ ഇതളുകൾ കൊഴിയുമ്പോൾ

ഒരു ഭ്രാന്തനെപ്പോലെ ,ഞാൻ

മുൻകാല ഓർമ്മകൾ നോക്കിനിന്നു

അവൾ എന്നോട് ആരാഞ്ഞു

പ്രതീക്ഷതൻ വാതിൽ മുന്നിൽ നിൽപ്പൂ

ഇനി എന്തിനു തിരിഞ്ഞു നോട്ടം ?

സ്ത്രീയെ  നീ അറിയുന്നില്ലേ

ഓർമ്മകൾ സമ്മാനിക്കുന്ന നോവ്

പൂത്തുലയാൻ ഊർജ്ജം നൽകുന്ന

അക്ഷയഖനികൾ ഓർമ്മകൾ





*ഗൗരി കല്യാണി*

*VIII D*

## തോന്ന്യാക്ഷരങ്ങൾ

ചില അക്ഷരങ്ങൾ

പിടിതരാതെ ഓടിനടന്ന്പതിനെട്ടാംപടി കയറി

താഴേക്കൊരു ചാട്ടമുണ്ട്

മറ്റുചിലത്,

ആത്മഹത്യക്കൊരുങ്ങി

നിൽക്കുന്നതുപോലെ ;

ചിലപ്പോൾ അക്ഷരങ്ങൾ

പിച്ചവച്ചു നടന്നുവരുന്നതുകാണാം.....

ചില അക്ഷരമാണെങ്കിലോ,

അടിപിടി കത്തിക്കേസും

ബോംബ്സ്ഫോടനം കഴിഞ്ഞ്

ഉയർന്നവരും പോലെയാണ്

ചിലവ,ഉണ്ടക്കണ്ണും തള്ളി

തലമുടി അഴിച്ചാടി

തെക്കോട്ടും വടക്കോട്ടും ഒരു പോക്കാ.....

മറ്റു ചിലത്

പിരണ്ട് പിരണ്ട്

തുടുത്തുകൊഴുത്ത് ഋതുമതിയായെ കുട്ടിയെപ്പോലെ....!!!

ചിലരോട് അക്ഷരങ്ങൾ കൂട്ടുകൂടാറേയില്ല....

അവ വള്ളിപുള്ളിയെല്ലാം

നിലത്തെറിഞ്ഞ് ചിഹ്നങ്ങളെ

കുത്തിക്കൊന്നു

സ്വതന്ത്രമായങ്ങനെ നിൽക്കും

രസിപ്പിക്കുന്ന തോന്ന്യാക്ഷരങ്ങളുമായി..



*ആശ തമ്പി*

*IX F*

# നാണയങ്ങളുടെ കിലുക്കം

ഒരിക്കൽ പാടത്തു പണി കഴിഞ്ഞു ഒരു കൃഷിക്കാരൻ വീട്ടിലേക്കു മടങ്ങുകയായിരുന്നു. വഴിയിൽ മധുര പലഹാരങ്ങൾ വിൽക്കുന്ന ഒരു കടയുണ്ടായിരുന്നു. കടയിലെ കണ്ണാടിക്കൂട്ടിൽ കടയുടമ പുതിയ പുതിയ പലഹാരങ്ങൾ നിറക്കുകയായിരുന്നു. എന്തൊക്കെയാണ് പലഹാരങ്ങൾ ! ലഡു ജിലേബി,വട,ബോണ്ട അങ്ങനെ പലതും!കൃഷിക്കാരൻ പാവം !വിശന്നു വലഞ്ഞു മടങ്ങുന്ന വഴിയായതു കൊണ്ട് അവിടെ നിന്ന് കൊതിയോടെ ആ പലഹാരങ്ങളെ നോക്കി അവയുടെ സുഗന്ധം ആസ്വദിച്ചു.വാങ്ങാനുള്ള പണമില്ലാഞ്ഞതിനാൽ നടന്നു നീങ്ങി . ഉടനെ കടയുടമ തിരിച്ചു വിളിച്ചു , എന്നിട്ടു പറഞ്ഞു കാശെടുക്കടോ. പലഹാരങ്ങളുടെ മണം ആസ്വദിച്ചത് തിന്നതിനു സമമാണ്. മര്യാദക്ക് കാശെടുത്തോ. കൃഷിക്കാരൻ പെട്ടെന്ന് പോക്കറ്റിലുള്ള നാണയങ്ങൾ ഒന്ന് കിലുക്കി എന്നിട്ടു കൈ നീട്ടി എന്നിട്ടു പറഞ്ഞു പലഹാരത്തിന്റെ മണം അസ്വദിച്ചാൽ തിന്നതിനു സമമാണെങ്കിൽ നാണയത്തിന്റെ കിലുക്കം കേട്ടാൽ അത് കിട്ടിയതിനു സമമാണ് .കൃഷിക്കാരൻ നടന്നു നീങ്ങി ...








അഭിജിത്ത്.എ

IX F

# കേരളത്തിൽ ആദ്യത്തേത്

1 : കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാല?

ഉത്തരം : തിരുവനന്തപുരം പബ്ലിക് ലൈബ്രറി

2 : കേരളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവൽ?

ഉത്തരം : ഇന്ദുലേഖ

3 : കേരളത്തിലെ ആദ്യത്തെ ഡീസൽ വൈദ്യുത പദ്ധതി?

ഉത്തരം : ബ്രഹ്മപുരം

4 : കേരളത്തിൽനിന്ന് ഇന്ത്യയുടെ കേന്ദ്രകാബിനറ്റിലെത്തിയ ആദ്യത്തെ മലയാളി?

ഉത്തരം : ഡോ. ജോൺ മത്തായി

5 : കേരളത്തിലെ ആദ്യത്തെ മലയാളി കർദ്ദിനാൾ?

ഉത്തരം : കർദ്ദിനാൾ ജോസഫ് പറേക്കാട്ടിൽ ബുക്ക്സ്

6 : കേരളത്തിലെ ആദ്യത്തെ ബാങ്ക്?

ഉത്തരം : നെടുങ്ങാടി ബാങ്ക്

7 : കേരളത്തിലെ ആദ്യത്തെ പ്രസ്സ്?

ഉത്തരം : ജസ്യൂട്ട് പ്രസ്സ്

8 : കേരളത്തിലെ ആദ്യ പേപ്പർ മിൽ?

ഉത്തരം : പുനലൂർ പേപ്പർ മിൽ

9 : കേരളത്തിലെ ആദ്യ വനിതാ മന്ത്രി?

ഉത്തരം : കെ. ആർ. ഗൗരിയമ്മ

10 : കേരളത്തിലെ ആദ്യത്തെ ഗവർണ്ണർ?

ഉത്തരം : ഡോ. ബി. രാമകൃഷ്ണറാവു



വര: അഭിജിത്ത്



വര : ജ്യോതിസ് അന്ന ജോൺ

## വര : ആരോമൽ എ



# മനുഷ്യാ നീ എന്താ ഇങ്ങനെ?





അഭിജിത് ആർ
IX B

ഞാൻ ഒരു സാധാരണ മനുഷ്യനാണ്. പക്ഷേ എനിയ്ക്ക് ചുറ്റും താമസിക്കുന്നത് മനുഷ്യൻ എന്ന് നാമമുള്ള ചില കാട്ടാളന്മാരാണ്. എങ്കിലും ഞാൻ ഒരു മനുഷ്യനായി ജനിച്ചതിൽ എനിയ്ക്ക് ചില സമയങ്ങളിൽ ലജ്ജ തോന്നിയിട്ടുണ്ട്. എന്തെന്നാൽ നമുക്ക് ജീവിയ്ക്കാൻ ചുറ്റുപാട് ഒരുക്കിത്തന്ന പ്രകൃതിയെ നാം തന്നെ ദൈനംദിനം കൊന്നുതിന്നുന്ന ഈ വേളയിൽ നിങ്ങൾക്കുമുൻപിൽ വാക്കുകൾകൊണ്ട് പ്രതിഷേധിക്കുകയാണ്. കാരണം മറ്റൊന്നുമല്ല. പ്രകൃതിയെ നിരന്തരം കൊന്നു തിന്നുന്ന മനുഷ്യ ഘാതകൻമാർ തന്നെയാണ് സമൂഹത്തിന്ശാപം. പ്രകൃതി മാതാവ് കനിഞ്ഞുനൽകിയ മരങ്ങളും അവളുടെ വസ്തുങ്ങളായ നദികളും അരുവികളും എല്ലാം തന്നെ ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. മലനിരകളെല്ലാംഅപ്രത്യക്ഷ മായിക്കഴിഞ്ഞിരിക്കുന്നു. പണ്ട് മലകൾ കയറിപ്പോകുന്ന ലോറികളായിരുന്നു കണ്ടിരുന്നതെങ്കിൽ ഇന്നിപ്പോൾ കാണുന്നത് ലോറികളിൽ കയറിപ്പോകുന്ന മലകളാകളാണ്. എന്നെന്നും സുഖങ്ങൾ വാരിക്കോരിത്തരുന്ന നമ്മുടെ പ്രകൃതി മാതാവിനെ സൂചിമുനകൊണ്ട് കുത്തിനോവിക്കുന്ന സാഹചര്യത്തിലാണ് നാം ഇന്ന് ജീവിയ്ക്കുന്നത്. എന്തു ചെയ്യാനാ,കാലം മാറി കോലവും മാറി, മനുഷ്യൻ ഇന്ന് ജീവാത്മാവിനെ കൊന്നു തിന്നാൻ തുടങ്ങിയിരിക്കുന്നു.

മഹാപ്രളയം,നമ്മുടെ ദൃഷ്ടിയിൽ പതിഞ്ഞ ചില ചിത്രങ്ങൾ, ഒരിക്കലും മറക്കാനാവാത്ത ദിവസങ്ങൾ. ചിലർ പ്രളയത്തിൽ മുങ്ങിയിരിക്കുന്നു. ചിലരാണെങ്കിലോ വീടുപോലും ഇല്ലാത്തവരായി മാറിയിരിക്കുന്നു. മനുഷ്യൻ ചെയ്ത ക്രൂരതകൾക്കെല്ലാം അന്ത്യത്തിൽ ഒരിക്കൽ പ്രകൃതി ഒരു പ്രപതികാരം ചെയ്തപ്പോൾ മനുഷ്യൻ പകച്ചുനിന്നുപോയി. എന്തുചെയ്യണമെന്നറിയാതെ മതേതര ചിന്ത പുലർത്തിയെങ്കിലും ഞാനീ ചെയ്ത ക്രൂരതയുടെ വിനയാണല്ലോ എനിക്ക് കിട്ടിയത് എന്നോർത്ത് പശ്ചാത്തപിക്കുന്നവരായിട്ടാരും തന്നെയില്ലെന്നുള്ളതാണ് യാതാർത്ഥ്യം. ഈ യാഥാർത്ഥ്യം മനസ്സിലാക്കാനായാൽ മാത്രം പോരാ തെറ്ററിഞ്ഞ് തിരുത്തിയാൽ മാത്രമാണ് ശരിയാവുക എന്തെന്നാൽ തെറ്റുകൾ പലതരമാണ്. പക്ഷെ എല്ലാ തെറ്റിനും ഒരു പരിധിയുണ്ട്. അതിനുമപ്പുറമായാലാണാണ് എല്ലാവരും മറക്കുക. എന്തെന്നാൽ മനുഷ്യൻ ചെയത് കൂട്ടുകയ അപരാദത്തിന് പ്രകൃതി ചെയ്തുകൂട്ടുന്ന ചെറിയ ചെറിയ കുഴപ്പങ്ങൾ മനുഷ്യന് താങ്ങാൻ പറ്റാതെ ആകുമ്പോഴാണ് പലരും മരണത്തിലേയ്ക്കും മറ്റും യാത്രയാകുന്നത്. ആഡംബര ജീവിതം നയിച്ചിട്ടെന്തുകാര്യം? നാം ചെയ്യുന്ന ഓരോ കാര്യവും മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നതാണെങ്കിൽ മാത്രമേ അതു ചെയ്തിട്ടുകാര്യമുള്ളുവെന്ന വസ്തുത മനുഷ്യഘാതകന്മാർ പലപ്പോഴും മറന്നിരിക്കുന്നു. ആ മറവിയ്ക്കുള്ള മരുന്നാണ് പ്രളയം പോലുള്ള ചെറിയ കുഴപ്പങ്ങൾ. എന്നാൽ നമ്മെ ആസ്പദമാക്കി നോക്കുകയാണെങ്കിൽ അത് അത്ര ചെറിയ കാര്യമൊന്നുമല്ല. നാം അതിനെ ഒരുമിച്ച് നിന്ന് നേരിട്ടതിനാൽ അതിനെ ഏറെക്കുറെ അതിജീവിയ്ക്കാൻ കഴിഞ്ഞു. മനുഷ്യ ഹൃദയത്തിന്റെ നറുമണം അത്തരം പ്രവർത്തികളിൽനിന്നും വ്യക്തമാണ്. എന്നാൽ നൂറിൽ ഒരംശം പോലും കാണിയ്ക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.ജീവലോകത്തിനും ഒരു കൈത്താങ്ങ് എന്ന് വസ്തുത നാം കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ആ കണക്കിലെടുപ്പ് പലപ്പോഴും മറന്നുപോകുന്നു. അത് നീ എന്തേ മറന്നുപോയിരിക്കുന്നൂ എന്ന് ചോദിയ്ക്കാൻ ആരും തന്നെ പ്രത്യക്ഷപ്പെടുന്നില്ല. എന്നാൽ ഇനി ആകില്ല.- പ്രകൃതിമാതാവിന്റെ പൂർണ്ണ വികാസത്തിനായി നമുക്ക് ഒരുമിച്ച് കൈകോർത്ത് കളത്തിലിറങ്ങാം...-

പണ്ട് മഹാനായ ദീനദയാൽ ഉപാധ്യായ പറഞ്ഞിട്ടുണ്ട്, സൃഷ്ടിയിൽ നാം എപ്രകാരം കാണുന്നുവോ അത്തരത്തിൽ നാം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. സൃഷ്ടിയിൽ നാം എപ്പോഴും നന്മയെക്കാണുക എന്നാൽ മാത്രമേ ജീവിച്ചിട്ട് കാര്യമുള്ളു. നമ്മെ സ്നേഹിക്കുന്നവരെ നാം ചിരിച്ച് സ്നേഹിക്കുക. എന്നിരുന്നാലും നമ്മെ മതി മറന്ന് സ്നേഹിക്കുന്നവരിൽ ഒരുവളാണ് പ്രകൃതി. അവൾ നമുക്ക് നൽകാത്തവരായി ഒന്നും തന്നെയില്ല. പക്ഷേ അവൾ വാരിക്കോരിത്തരുന്നതിന്റെ ചെറിയ അംശമെങ്കിലും നാം തിരിച്ചുകൊടുക്കേണ്ടത് അനിവാര്യമാണ്.എന്തുകൊണ്ടെന്നാൽ ചരിത്രലിഖിതങ്ങളിൽ പ്രശസ്ഥരായ പലരും അങ്ങനെയൊക്കെ പറഞ്ഞിട്ടുണ്ട്. എങ്കിലും ആളുകൾ പലതും പറയും എന്ന് സ്വയം പറഞ്ഞ് നടക്കുന്നവരെപ്പോലും ഒരിക്കൽ സ്വന്തം കാര്യം നിറവേറ്റുന്നതിനായി മറക്കും. എന്തെന്നാൽ ജീവലോകത്തെ മറക്കുന്ന മനുഷ്യാ നോക്കി ജീവിച്ചില്ലെങ്കിൽ നിന്റെ അന്ത്യം നടക്കും ഇത് സത്യം.എങ്കിലും നിങ്ങൾക്കുമുൻപിൽ ഞാനീ തുറന്നടിച്ച് സംസാരിച്ചത് എനിയ്ക്കും ലജ്ജ തോന്നിയിട്ടാണ്. എന്തെന്നാൽ മനുഷ്യനാണ് ഞാൻ എന്ന് അഭിമാനപൂർവ്വം പലരുടെയും മുൻപിൽ വച്ച് ഞാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്നിപ്പോൾ പ്രകൃതിയെ കൊന്നു തിന്നുന്ന ആ മനുഷ്യന്മാരിൽ ഒരാളാണ് ഞാൻ എന്ന് പറയേണ്ട അവസ്ഥ ഈ നിമിഷം നാം കേൾക്കേണ്ടിവരുന്നു........



# മഴച്ചൊല്ലുകൾ



*കൃഷ്ണജിത് വി എ*

*IX F*



- ചിങ്ങത്തിലെ മഴ ചിണുങ്ങി ചിണുങ്ങി
- മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും
- കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മാണിക്യം
- അന്തിക്കുവന്ന മഴയും വിരുന്നും അന്ന് പോവില്ല.
- മഴ തോർന്നാലും മരം പെയ്യും
- പൂയത്തിൽ മഴ പുഴ കവിയും
- ഇടവത്തിൽ മഴ ഇടവഴിനീളേ....
- പൂയത്തിൽ മഴ പെയ്താൽ പുല്ലും നെല്ല്
- തുലാപത്ത് കഴിഞ്ഞാൽ പ്ലാ പൊത്തിലുമൊളയ്ക്കാം
- വാവു കഴിഞ്ഞാൽ വേനലില്ല
- മണലിൽ പെയ്ത മഴ പോലെ
- ചെമ്മാനം കണ്ടാൽ അമ്മാനം മഴയില്ല
- തിരുവാതിരയ്ക്ക് തിരി മുറിയാതെ
- മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല
- ചോതി വർഷിച്ചാൽ ചോറിന് പണമില്ല.





അരുണിമ
VIII E

## അമ്മ തൻ സ്നേഹം

ഒരു രാത്രി മഴയിൽ പൊഴിഞ്ഞൊരു

സ്വപ്നമല്ലമ്മതൻ നെഞ്ചിലെ കണ്ണുനീര്

എത്രയടക്കാൻ ശ്രമിച്ചാലും പോട്ടുന്ന

ഗൂഢമാം നിശബ്ദവേദനകൾ

ഒരു ചിരികൊണ്ടമ്മതൻ കണ്ണുനീർ

അല്പം അടക്കിവയ്ക്കും

പങ്കജം പോലെ ഈ കണ്ണുകൾ

അമ്മയിൽ നീറിപ്പുകഞ്ഞു കലങ്ങിടുമ്പോൾ

അറിയാതെ കേണിട്ടും പ്രകൃതി തൻ

ഭാവങ്ങൾ കോരിചൊരിഞ്ഞിടും പെരുമഴയായി

അന്ധനും  ബധിരനും മൂകനായാലും

അമ്മയെ മറക്കാൻ കഴിയില്ലൊരിക്കലും

ദുഷ്ടനാം തിന്മയെ കൂട്ടുകൂട്ടുന്നവർ

അമ്മയെ മറക്കാൻ പഠിക്കുകയും

സത്യമാം നന്മയെ തേടിപോകുന്നവർ

അമ്മയെ ദേവിയായി പൂജിച്ചിടും

അമ്മതൻ നെഞ്ചിലെ പുണ്യമാം

കോവിലിൽ കയറുവാൻ സാധിച്ചാൽ പുണ്യമാകും

ഭാവിയിൽ അമ്മയെ കാണാൻ പോകുന്നവർ

അമ്മതൻ മാഹാത്മ്യം വാഴ്ത്തിടുന്നു

കുളിരെഴും പൂമടിത്തട്ടിന്റെ ചൂടൊന്നു

കിട്ടുവാൻ വീണ്ടും കൊതിക്കുന്നു നാം

*Sooryakiran*
*IX F*


# Values Of Books

Books are the greatest treasure louse of knowledge. They are living examples of man´s march on the path to higher and higher civilization. The great men who did long ago, lived in their books. As peoples has said "A great book is a precious life blood of a master spirit." Books not only show the light of knowledge but also stare civilization and carry it forward. Civilization cannot make much head away in a country where these are not any good books. Books are our never They never deserted us even then all weather friend deserted us. To be a lover of books, though not to be a book worm is the sign of a good luck. A various reader gets much greater pleasure from reading books than gets in boarding money.



***ആദിത്യൻ.ബി***

*IX.F*







നന്ദു കൃഷ്ണൻ ജി എസ്.

IX F





അലൻ എബ്രഹാം

IX E



മീര ആർ എസ് ..X A

# രജനി

നിലാവിന്റെ പൊയ്കയിൽ ചൂടി നിൽക്കും,
നിത്യവസന്തമനോജ്ഞസുഗന്ധിയാം വിസ്മയം...
രജനി നിൻ മിഴികളിൽ നിറയുന്നു
തോരാ വിഷാദത്തിൻ കാവ്യങ്ങൾ...
എത്ര സ്വപ്നങ്ങൾക്കു കാവലാൾ എപ്പോഴും...
എത്ര വർണ്ണങ്ങൾക്കു ഓമലാൾ എപ്പോഴും...
എത്ര മോഹങ്ങൾക്ക് ചിറകായി ഇപ്പോഴും...
എത്ര മൗനങ്ങൾക്കു ശബ്ദമായി ഇപ്പോഴും...
രജനി നീ പൂത്തുലഞ്ഞീടുന്നു...എത്ര നിലാവ് കൊഴിച്ചു നീ ...
എത്ര കിനാക്കളായി പെയ്തു നീ
ഏകാന്തയാമിനി സ്നേഹാർദ്രമൗനമേ..
സ്വപ്നകാലത്തിന്റെ നിത്യ സൗഭാഗ്യമേ...
ഓരോ മനസ്സിലും സ്നേഹമായി പെയ്യുക,
ഓരോ തളിരിലും ആർദ്രമായി മുത്തുകജീവന്റെ ജീവനിൽ സൗഭാഗ്യമാവുക
രജനീ...മനോഹരീ...എൻ ആത്മമിത്രമേ...






*അപർണ ...IX D*

1. കേരള നവോത്ഥാനത്തിന്റെ പിതാവ്?

ശ്രീ നാരായണഗുരു

2. മലയാളസിനിമയുടെ പിതാവ്?

ജെ സി ഡാനിയേൽ

3. ഇന്ത്യൻ സിനിമയുടെ പിതാവ്?

ദാദാ സാഹിബ് ഫാൽകെ

4. ആധുനിക സിനിമയുടെ പിതാവ്?

ഡേവിഡ് ഗ്രിഫിത്ത്

5. കമ്പ്യൂട്ടറിന്റെ പിതാവ്?

ചാൾസ് ബാബേജ്

6. രസതന്ത്രത്തിന്റെ പിതാവ്?

റോബർട്ട് ബോയിൽ

7. ആധുനിക ജ്യോതിശാസ്ത്രത്തിന്റെ പിതാവ്

കോപ്പർ നിക്കസ്



*അലൻ എബ്രഹാം*
*IX E*

# ഗണിത വിജ്ഞാനം

1. ഗണിതശാസ്ത്രദിനം-ഡിസംബർ 22

2 .ഗണിതശാസ്ത്രത്തിന്റെ- പിതാവ്-പൈതഗോറസ്

3. ഭൂമിയുടെ ചുറ്റളവ് കണ്ടുപിടിച്ചതാര്?

ഇറാത്തോസ്തനീസ്

4. ഗണിത ശാസ്ത്ര ബൈബിൾ ആരുടെ സംഭാവനയാണ്?

എലമെന്റ്സ്

5 .റോമൻ രീതിയിൽ ഉപയോഗിക്കാത്ത സംഖ്യ?

പൂജ്യം

6. പൂജ്യം കണ്ടുപിടിച്ചത് ഏത് രാജ്യക്കാരാണ്?

ഇന്ത്യ

# 1



*അപർണ ആർ സി*

*IX F*

## എല്ലാത്തിനും ഉത്തരം ഒന്ന് (1).......

1. എത്ര വനിതകൾ ഇന്ത്യയുടെ രാഷ്ട്രപതിമാരായിട്ടുണ്ട്?

2. എത്ര മലയാളികൾ ഇന്ത്യയുടെ രാഷ്ട്രപതിമാരായിട്ടുണ്ട്?

3. എത്ര വനിതകൾ ഇന്ത്യൻ പ്രധാനമന്ത്രിമാരായിട്ടുണ്ട്?

4. ഭൂമിയ്ക്ക് എത്ര ഉപഗ്രഹങ്ങളുണ്ട്?

5. സൗരയൂഥത്തിലെ ഗ്രഹങ്ങളിൽ വലിപ്പത്തിലും, ഉപഗ്രഹങ്ഹളുടെ എണ്ണത്തിലും വ്യാഴത്തിന്റെ സ്ഥാനം എത്ര?

6. ലോകരാഷ്ട്രങ്ഹളിൽ ജനസംഖ്യയിൽ ചൈനയുടെ സ്ഥാനംഎത്ര?

7. ലോകരാഷ്ട്രങ്ങളിൽ വലിപ്പത്തിൽ രഷ്യയുടെ സ്ഥാനം എത്ര?

8. സംസ്ഥാന മുഖ്യമന്ത്രി ഉപയോഗിക്കുന്ന സ്റ്റേറ്റ് കാറിന്റെ പ്ലേറ്റ് നമ്പർ എത്?

9.എത്രരൂപയുടെ ഇന്ത്യൻ കറൻസികളിലാണ് ഫൈനാൻസ് സെക്രട്ടറിയുടെ ഒപ്പുള്ളത്?

10.ഒരു തേനീച്ചക്കൂട്ടത്തിൽ എത്ര റാണിമാരുണ്ട്?

11. ഹൈഡ്രജന്റെ അറ്റോമിക നമ്പർ എത്ര?

12. കേരളത്തിലെ ആദ്യ ലോട്ടറി ടിക്കറ്റിന്റെ വില എത്ര രൂപയായിരുന്നു?

13 .ജലത്തിന്റെ ആപേക്ഷിക സാന്ദ്രത എത്ര?

14. ഇന്ത്യയ്ക്കും ചൈനയ്ക്കും എത്ര സമയമേഖലകൾ വീതമാണ് ഉള്ളത്?

15. ഭൂമി 150 തിരിയുമ്പോൾ എത്ര മണിക്കൂർ സമയവ്യത്യാസം ഉണ്ടാകും?


16.കേരളത്തിൽ ഇന്നുള്ള രാജ്യസഭാംഗങ്ങളിൽ വനിതകൾ എത്ര?

17.ഒച്ചിന് എത്ര കാലുകളുണ്ട്?

18.കോമൺ വെൽത്ത് ഗെയിംസിന് ഇന്ത്യ എത്ര പ്രാവശ്യം ആതിഥ്യം വഹിച്ചിട്ടുണ്ട്?

19.എത്ര മലയാളികൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റുമാരായിട്ടുണ്ട്?

20.എത്ര മലയാളികൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റുമാരായിട്ടുണ്ട്?







ബീഗം ഫാത്തിമ. IXE

# കുസൃതി ചോദ്യങ്ങൾ കണക്കുകളിൽ

1. നാലുമൂലകളുള്ള ഒരു സമചതുരത്തിന്റെ ഒരു മൂല മുറിച്ചു മാറ്റിയാൽ ബാക്കി എത്ര മൂലകൾ കാണും?

5

2. തോമസ് ചേട്ടന് അഞ്ച് മക്കളുണ്ട്.അവർ അഞ്ചും ആൺമക്കളാണ്. അവർക്കൊരു സഹോദരിയുണ്ട് എന്നാൽ തോമസ് ചേട്ടന് ആകെ എത്ര മക്കളാണുള്ളത്?

6

3 . ഒരു കുളത്തിലെ മത്സ്യഹാളിൽ 100 ശതമാനവും കരിമീനാണ്. അതിൽ പത്ത് ശതമാനം കരിമീനിനെ ഞാൻ പിടിച്ചെടുത്തു. ബാക്കി കുളത്തിൽ എത്ര ശതമാനം കരിമീനുണ്ട്?

100

4. രാജുവും ദേവുവും കൂടി ഒരു ടൂർ പോയി. അവരുടെ കയ്യിൽ 2000 രൂപയാണുള്ളത്.അവരോടൊപ്പം രണ്ടുപേർ കൂടിപ്പോയാൽ അവരുടെ കയ്യിൽ ആകെ എത്ര രൂപ കാണും?

2000






നന്ദന...IX E

## മങ്ങുന്ന ഭാഷയ്ക്കൊരുണർത്തുപാട്ട്

മാതൃഭാഷയെന്നാൽ ഓരോ വ്യക്തിയുടെയും സ്വന്തമാണ്. ഒരു കുഞ്ഞന് അമ്മയെത്രത്തോളം പ്രിയപ്പെട്ടതാകുന്നുവോ അതുപോലെയാണ് മാതൃഭാഷയും. നമ്മൾ ചിന്തിക്കുന്നതും മനസ്സിലാക്കുന്നതും വിശകലനം ചെയ്യുന്നതും നമ്മുടെ മാതൃഭാഷയിലൂടെയാണ്. എത്ര വിദ്യാസമ്പന്നനായാലും,അനേകം ഭാഷകളിൽ പരിജ്ഞാനം നേടിയാലും, ഏതൊരു വ്യക്തിയുടെയും മനസ്സിലെ ചിന്തകളും ആശയങ്ങളും മറ്റ് എല്ലാ ഭാഷകളുടെയും ശാസ്ത്രത്തിന്റെയും അർത്ഥം നാം ഗ്രഹിക്കുന്നത് മാതൃഭാഷയിലൂടെയാണ്. പെറ്റമ്മയ്ക്ക് പകരമാകാൻ പോറ്റമ്മയ്ക്ക് കഴിയാത്തതുപോലെ മറ്റൊരു ഭാഷയും പ്രതിഷ്ഠിക്കാനാവില്ല

മാതൃഭാഷയെന്നാൽ ഓരോ വ്യക്തിയുടെയും സ്വന്തമാണ്. ഒരു കുഞ്ഞന് അമ്മയെത്രത്തോളം പ്രിയപ്പെട്ടതാകുന്നുവോ അതുപോലെയാണ് മാതൃഭാഷയും. നമ്മൾ ചിന്തിക്കുന്നതും മനസ്സിലാക്കുന്നതും വിശകലനം ചെയ്യുന്നതും നമ്മുടെ മാതൃഭാഷയിലൂടെയാണ്. എത്ര വിദ്യാസമ്പന്നനായാലും,അനേകം ഭാഷകളിൽ പരിജ്ഞാനം നേടിയാലും,

ഏതൊരു വ്യക്തിയുടെയും മനസ്സിലെ ചിന്തകളും ആശയങ്ങളും മറ്റ് എല്ലാ ഭാഷകളുടെയും ശാസ്ത്രത്തിന്റെയും അർത്ഥം നാം ഗ്രഹിക്കുന്നത് മാതൃഭാഷയിലൂടെയാണ്. പെറ്റമ്മയ്ക്ക് പകരമാകാൻ പോറ്റമ്മയ്ക്ക് കഴിയാത്തതുപോലെ മറ്റൊരു ഭാഷയും പ്രതിഷ്ഠിക്കാനാവില്ല

കഷ്ടപ്പെടുന്ന, അധ്വാനിക്കുന്ന അടിസ്ഥാനവർഗ്ഗത്തിന്റെ ഭാഷയാണ് മാതൃഭാഷ. മലയാളി എന്നതിൽ മാത്രം മലയാളം ഒതുങ്ങിക്കൂടുന്നു. അനുകരണവാസനകൂടിയ മലയാളികൾ പാശ്ചാത്യഭ്രമം മൂലം ഇംഗ്ലീഷിനെ നെഞ്ചോടടുപ്പിക്കുവാൻ ശ്രമിക്കുന്നു. ഫലമോ നമ്മുടെ നാടിന്റെ തനിമയും സൗന്ദര്യവും നഷ്ടമാക്കുന്നു.ഈ തിരിച്ചറിവ് മലയാളികളാകുന്ന നമുക്കുണ്ടാവുന്നില്ലെന്നുള്ളത് നിർഭാഗ്യകരമാണ്.

ആധുനിക കാലഘട്ടത്തിൽ മലയാളഭാഷയ്ക്ക് മേലുണ്ടായ വിദേശഭാഷയുടെ കടന്നുകയറ്റം ഭാഷയെ തളർത്തി.നമ്മുടെ സംസാരഭാഷയിലെ നമ്മുടെ ഇംഗ്ലീഷിന്റെ അതിപ്രസരം മലയാളഭാഷയെ വികൃതമാക്കുന്നു. രാവിലെ ഉണരുന്ന ഓരോ മലയാളിയും പാശ്ചാത്യത്തിന്റെ Good Morning കേട്ടാണ് ജീവിക്കുന്നത്.റിയാലിറ്റിഷോകളിലും സിനിമകളിലും മലയാളം ദുരുപയോഗം ചെയ്യപ്പെടുന്നത് ഇന്ന് നിത്യജീവിതത്തിന്റെ ഭാഗമായിരിക്കുന്നു.

കേരളീയരുടെ മാതൃഭാഷ മലയാളമായതിനാൽ മാതൃഭാഷയിലൂടെയുള്ള ബോധനം എല്ലാ സ്കൂളുകളിലും നിർബന്ധമാക്കണമെന്നും അത് പ്രായോഗികമല്ലെങ്കിൽ മലയാളം ഒരു നിർബന്ധഭാഷയായി എല്ലാ സ്കൂളുകളിലും പഠിപ്പിക്കണമെന്നും സർക്കാർ ഇറക്കിയ ഉത്തരവ് ഈ കാലഘട്ടത്തിന് യോജിച്ചതാണ്.

മലയാളത്തെ സ്നേഹിക്കുവാനും വളർത്തുവാനും മലയാളികൾ മാത്രമേ ഉള്ളൂവെന്ന സത്യം ഓരോ മലയാളിയും ഓർക്കുക. അതുകൊണ്ടാണ് മഹാകവി വള്ളത്തോൾ പറയുന്നത്

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്യനു പെറ്റമ്മതൻ ഭാഷതാൻ............"

അറിവിന്റെ ആദ്യാക്ഷരങ്ങൾ പകരുമ്പോൾ സ്നേഹത്തോടൊപ്പം സംശുദ്ധമായ മലയാളഭാഷ നൽകുന്ന ഒരു നല്ല നാൾ കടന്നുവരട്ടെയെന്ന് നമുക്ക് ആഗ്രഹിക്കാം..............അതിനായി പ്രയത്നിക്കാം...........





അനഘ
IX F

# പലതരം കൃഷികൾ

പട്ടുനൂൽകൃഷി : സെറികൾച്ചർ

മീൻവളർത്തൽ : പിസികൾച്ചർ

തേനീച്ച വളർത്തൽ : അപ്പികൾച്ചർ

പൂവ്കൃഷി : ഫ്ലോറി കൾച്ചർ

ജലജീവികൃഷി : അക്വാ കൾച്ചർ

ഉദ്യാനകൃഷി : ഹോർട്ടി കൾച്ചർ

കൂൺകൃഷി : മഷ്റൂം കൾച്ചർ






*സുജാത അനിൽ*

*അദ്ധ്യാപിക*

# മധുരം

ഓർമ്മ പെയ്യിക്കുന്ന ചില മധുരങ്ങളുണ്ട്
നെഞ്ചിൽ ആഴത്തിൽ കിനിഞ്ഞിറങ്ങുന്നവ.
മയിൽപ്പീലിത്തുണ്ടിൽ
പെറ്റുപെരുകുന്ന കുഞ്ഞുങ്ങളെപ്പോലെ വെയിലും മഴയും കൊള്ളിക്കാതെ
പുസ്തകതാളിനുള്ളിൽ ഭദ്രമായിരുന്നവ.
ആരും എടുക്കാതെ
ആർക്കും കൊടുക്കാതെ ഇടവഴിയിലെ
കാശിത്തുമ്പയോടും
കാക്കപ്പൂവിനോടും
കിന്നാരമോതി ഞാൻ വന്നത്
നിന്റെ ഉറക്കെയുള്ള ചിരി കേൾക്കുവാനാണ്.
കണ്ണുകളിലെ വാചാലത കാണുവാനാണ്.
സ്വപ്നത്തിൽ പോലും അശുദ്ധമാക്കരുതെന്നു നിനച്ചിട്ടും
ഇന്നലെയും എന്റെ സ്വപ്നത്തിൽ നിറയെ നീ മാത്രമായിരുന്നു.
എത്ര ശ്രമിച്ചിട്ടും പിഴുതു കളയാനാകാതെ
ആഴത്തിൽ പതിഞ്ഞു പോയ
ഒരു വേര്
എന്നെ ആ മണ്ണിൽ
പിടിച്ചു നിർത്തുകയാണല്ലോ സുഹൃത്തേ





Prakrithi IXC

# DEAR EARTH

*Oh! earth dear.*

*Where is your beauty ?*

*Where has it gone?*

*The sweet melody of the cuckoo,*

*Twittering of the little swallow,*

*Chirping birds and dancing peacock,*

*bubbling brooks and shaded trees,*

*Running hare and dears fine a sight!*

*No more see I, where has gone*

*all a past vision for us.*

*Earth,you are holy with*

*the ash of our forefathers.*

*Who are sleeping in peaceas your lap!*

*But not a tree to fan them all.*

*Dear mother,resurrect with*

*all your power of heavenly bliss;*

*and stand on your royal throne*





*Amina Beevi.E...IX F*

# WASTE NOT ....WANT NOT.....

*Nature has provided everything that man needs for his existence . He is to use them prudently .If he waste them he will suffer . Man learned this lesson a bit too late . Because of the extravagance of our people we and the coming generation are going to do many things .Life is not going as pleasant and secure as it had been . This is the story of men in general and nature . Individuals have to be careful with their resources . Time, health, money and opportunities are not to be wasted . It wasted One will not have enough of them again .That will lead to difficulties . More than the adults ,children must remember this. Because nature belongs to them and they belong to nature of the future.* But they do not want to preserve them. *What every them use must be used carefully not wasting even a little . They will not be in want if they do so it is today's children that become tomorrows adults so, this habit of not wasting resources will be with the adults too.....*








*Anjali krishnan*

*IXF*

# FUN WITH ALPHABETS

1) Which letter is full of water?

C

2) Which letter loves flowers?

B

3) Which letter accept everything?

S

4) Which letter asks question?

Y

5) Which letter makes us wait?

Q



*Ajna sajan*

*IX A*

# INTERESTING FACTS

1. In one day an average person takes 18000 steps.
2. It takes 17 muscles to smile and 43 to frown.
3. The brain is the mission control centre of the body , sending out messages at a rate of 240 miles per hour.
4. The word Mrs cannot be written in full .
5. Months that begin on a Sunday will always have a ' Friday the $13^{th}$ ' .
6. Owls are the only birds who can see the colour blue.
7. An ostrichs eye is bigger than its brain.
8. An octopus has 3 hearts and the colour of

its blood is blue .

9. A mouse can fit through a hole the size of ballpoint pen.
10. The total weight of all the ants on earth is greater than total weight of all the humans the planet.
11. A hippo can open his mouth wide enough to fit a 4 foot tall child inside .
12. February 1865 is the only month in recorded history not to have a full moon .
13. The earth is 0.02 degrees hotter during a fuller moon .
14. The eyes are constantly in motion , even during a sleep .
15. The ashes of average cremated man weight 9 pounds.

# SOME GREAT LINES



*Adithya P IX E*

1. " Our greatest battles au that with our own minds "

   - Jameson Frank

2. " pleasure in the job puts perfection in the work"

   -Aristotle

3. " If you cannot be a poet , be the poem "

   -David Carradine

4. " we must become the change we want to see "

   -Mahatma Gandhi

5. " You teach best what you most need to learn "

   -Richard Bach

6. " Keep in mind that neither success nor failure is ever final"

   -Roger Babson

7. " The journey of a thousand miles must begin with a single step"

   -Lao Tzu





Alan Abraham IX E

# THE LION AND THE MONKEY

Once up on a time there were two animals in a big jungle, a lion and a monkey. The monkeys voice was not good. His voice was like a crow. All the animals thought that he was very bad. No one tried to understand him. The poor monkey was always sad because of his sound. One day the monkey was sitting in a small tree. When he was sitting in that tree,he saw one thing .A rabbit was running fast. The cruel lion was trying to catch the poor rabbit. Suddenly the lion trapped the little rabbit. The rabbit was afraid. The monkey ran fast and catch the rabbit. Then suddenly the monkey jumped in a big tree with the rabbit. Finally the rabbit escaped from the lion But the monkeys tail was broken. The rabbit was thankful to monkey. All the animals heard this news. Everyone in the jungle was very happy to heard this news. Everyone was proud of him.






*Gouri Nandhana IX D*

# QUIZ CORNER

1. The body that recommended for the formation of constituent assembly for India ?

   Cabinet minister

2. The first meeting of the constituent assembly was held on ?

   1946 December 9

3. The number of representatives from Travancore to constituent assembly ?

   6

4. The only women for Travancore to constituent assembly ?

   Annie Mascrene

5. Who said the preamble is the key note to the constitution ?

Ernest Barker

6.Who was the prime minister when privi purse were abolished ?

Indira Gandhi

7. Which part of the Indian constitution deals with citizenship ?

Two

8. What is called earner stone of the constitution ?

Fundamental rights

9. How many parliamentary constituency in Kerala?

20

10. Who was the first women governor of Kerala ?

Jyothi venkitachal

11. The Odakkuzhal award is given in the memory of?


G.Sankara Kurup

12. Kerala became the champion in the Santhosh trophy for the first time In?

1973

13. which is the highest literacy award constituted by the Kerala government

Ezhuthachan Puraskaram





*Justin Sunil*

*IX E*

# Mathematics Quiz

1. How many digits are there in Hindu Arabic system ?

   10

2. The famous pascal's triangle is seen in an ancient Indian text written by ?

   Pingala

3. An integer that is divisible by 2 is called ?

   Even numbers

4. In which number system there is no symbol for zero ?

   Roman

5. What does D represent in Roman numeral system ?

   50

6. What is the number called located on the bottom part of a fraction?

   Denominator

# നന്ദി

ഒരു ഇ-മാഗസീൻ നിർമ്മിക്കുന്ന ആശയം ഉടലെടുത്തപ്പോൾതന്നെ അതിനുവേണ്ട മാർഗനിർദേശങ്ങൾ നൽകിയ നമ്മുടെ ബഹുമാനപ്പെട്ട എച്ച് എം ഹർഷകുമാർ, ഐറ്റി കോർഡിനേറ്റർ ഷിബു ഡി.കെ, ഞങ്ങളുടെ പ്രിയ വിദ്യാർത്ഥികൾ, ആദ്യാവസാനം വരെ ഈ മാഗസീന്റെ നിർമ്മാണത്തിൽ പങ്കുചേർന്ന അഭിജിത്ത്, കൈറ്റിന്റെ വിദ്യാർത്ഥികൾ തുടങ്ങിയ വിദ്യാർത്ഥികൾക്കും ഞങ്ങളുടെ എല്ലാ വിധ നന്ദിയും രേഖപ്പെടുത്തുന്നു.



കൈറ്റ് മാസ്റ്റർ,
ജോൺ മാത്യൂ



കൈറ്റ് മിസ്ട്രസ് ,
അനിത. എൻ